സംസ്ഥാനത്തെ സ്റ്റേജ് കാര്യേജ് സർവ്വീസുകൾ

259 (4048) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-ൽ സംസ്ഥാനത്ത് ആകെ എത്ര സ്റ്റേജ് കാര്യേജുകൾ സർവീസ് നടത്തുന്നുണ്ടായിരുന്നുവെന്നറിയിക്കുമോ ;

(ബി) ഇതിൽ കെ.എസ്.ആർ.ടി.സി. ബസുകൾ, സ്വകാര്യ ബസുകൾ, സഹകരണ സംഘങ്ങളുടെ ബസുകൾ എന്നിവ എത്രവീതമുണ്ടായിരുന്നു വെന്നറിയിക്കുമോ ;

(സി) ഇവയിൽ നാളിതുവരെ ഓരോ വർഷവും ഉണ്ടായിട്ടുള്ള വ്യതിയാനം സംബന്ധിച്ച വിശദവിവരം നൽകുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി&സി) 2001 മുതൽ 2010 വരെയുള്ള കെ. എസ്. ആർ. ടി. സി. ബസ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

2001	4,413
2002	4,446
2003	4,296
2004	4,340
2005	4,642
2006	4,687
2007	4,559
2008	4,893
2009	5,115
2010	5,402

സ്വകാര്യ ബസ്സുകൾ, സഹകരണ സംഘങ്ങളുടെ ബസ്സുകൾ എന്നിവ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

ബസ് പെർമിറ്റ് നൽകുന്നതിന്റെ മാനദണ്ഡം

260 (4049) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യ ബസുകൾക്ക് പെർമിറ്റ് നൽകുന്നതിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സാധാരണ ബസുകൾക്കും മിനിബസുകൾക്കും പെർമിറ്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) ബസ് സർവ്വീസ് നിലവിലില്ലാത്ത പ്രദേശങ്ങളിൽ ബസ് റൂട്ടും പെർമിറ്റും നൽകുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ദേശസാൽകൃത റൂട്ടുകളിൽ ബസ് സർവ്വീസിന് പെർമിറ്റ് നൽകുന്നത് ദേശസാൽക്കരണ പദ്ധതി അനുസരിച്ച് മാത്രമാണ്. സ്വകാര്യ ബസ്സുകളെ പൂർണ്ണമായി ഒഴിവാക്കിക്കൊണ്ടും ഭാഗികമായി ഒഴിവാക്കിക്കൊണ്ടും നിലവിലുണ്ടായിരുന്ന സ്വകാര്യ സർവ്വീസുകളെ നിലനിർത്തിക്കൊണ്ടുമുള്ള പദ്ധതികൾ നിലവിലുണ്ട്. അന്തർ സംസ്ഥാന റൂട്ടുകളിൽ സംസ്ഥാനങ്ങൾ തമ്മിലുള്ള അന്തർ സംസ്ഥാന കരാർ അടിസ്ഥാനമാക്കിയാണ് ബസ് പെർമിറ്റ് നൽകിവരുന്നത്. 5 ലക്ഷത്തിൽ കൂടുതൽ ജനവാസമുണ്ടെന്ന് കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള നഗരങ്ങളിൽ പെർമിറ്റുകളുടെ എണ്ണം നിജപ്പെടുത്താവുന്നതാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ ഈ നിയന്ത്രണം നിലവിലുണ്ട്.

(ബി) സാധാരണ ബസ്സുകൾക്കും മിനി ബസ്സുകൾക്കും ഒരേ മാനദണ്ഡങ്ങളാണ് ഉള്ളത്. പെർമിറ്റിന്റെ എണ്ണം നിജപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിൽ ഉൾപ്പെടുന്ന റൂട്ടുകൾക്ക് പെർമിറ്റ് നൽകുന്നത് കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ 145-ാം ചട്ടം അനുസരിച്ച് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ്.

1. അപേക്ഷകരിൽ സാമ്പത്തിക സ്ഥിരത ഇല്ലാത്തവരെയും, പെർമിറ്റ് ഇല്ലാതെയോ നികുതി അടയ്ക്കാതെയോ, അനുവദിച്ച റൂട്ടിൽ നിന്നും വ്യതി ചലിച്ചോ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെയോ സർവ്വീസ് നടത്തിയതിന്, അപേക്ഷ പരിഗണിക്കുന്ന തീയതിക്കുമുമ്പ് 24 മാസത്തിനുള്ളിൽ ആറുതവണയിൽ കൂടുതൽ ശിക്ഷിക്കപ്പെട്ടിട്ടുള്ളവരെയും, പെർമിറ്റ് ഉണ്ടാക്കി കച്ചവടം നടത്തുന്ന വരെയും ഒഴിവാക്കേണ്ടതാണ്.

2. പെർമിറ്റ് ആവശ്യപ്പെടുന്ന റൂട്ടിനടുത്താണ് അപേക്ഷകന്റെ വാസ സ്ഥലമെങ്കിൽ, അദ്ദേഹത്തിന് മുൻഗണന ഉണ്ടായിരിക്കും.

3. ഒരു വർഷത്തിൽ കൂടുതൽ സ്റ്റേജ് കാര്യേജുകൾ ഓപ്പറേറ്റ് ചെയ്തിട്ടുള്ളവർക്ക് മുൻഗണന നൽകും.

4. സംസ്ഥാനത്ത് കാര്യക്ഷമമായും ഏകോപിപ്പിച്ചുമുള്ള സ്റ്റേജ് കാര്യേജ് സർവ്വീസ് നടത്തുന്നതിന് സാങ്കേതിക പരിചയമുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബസ് സർവ്വീസ് നടത്തുന്നതിനുള്ള റൂട്ട് തിരഞ്ഞെടുക്കുന്നതിനുള്ള അവകാശം ബസ് ഉടമയ്ക്കുണ്ട്. അപേക്ഷയിൽ ഉൾപ്പെടാത്ത റൂട്ടുകളിൽ നിർബന്ധപൂർവ്വം പെർമിറ്റ് നൽകാനാവില്ല. ബസ് സർവ്വീസ് നിലവിലില്ലാത്ത പ്രദേശങ്ങളിൽ പെർമിറ്റ് അപേക്ഷ ലഭിച്ചാൽ ചോദ്യം (എ) യുടെ മറുപടിയിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി പെർമിറ്റ് നൽകുന്നതിന് നിയന്ത്രണമൊന്നുമില്ല.

ഡ്രൈവിംഗ് ലൈസൻസ്, ബാഡ്ജ് എന്നിവ നൽകുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത

261 (4050) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) ബാഡ്ജ് നൽകുന്നതിന് വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) 10-ാം ക്ളാസുവരെ പഠിച്ചവർക്കു മാത്രമേ അടുത്ത കാലത്തായി ബാഡ്ജ് നൽകുന്നുള്ളുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഡി) ബാഡ്ജ് നൽകുന്നതിന് മോട്ടോർ വാഹന നിയമത്തിൽ വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ ;

(ഇ) വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചതുമൂലം ആയിരക്കണക്കിന് യുവാക്കൾക്ക് തൊഴിലവസരം നഷ്ടപ്പെടുമെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടില്ല.

(ബി) നിശ്ചയിച്ചിട്ടുണ്ട്. 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 8 പ്രകാരം ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് നേടിയെടുക്കുന്നതിനുള്ള (അതായത് ബാഡ്ജ് ലഭിക്കുന്നതിനുള്ള) ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത 8-ാം സ്റ്റാൻഡേർഡ് പാസ്സായിരിക്കണം എന്നുള്ളതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രത്യേക നിർദ്ദേശം നൽകിയിട്ടില്ല.

(ഡി) 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 8 മേൽ 10-4-2007-ൽ വരുത്തിയ അമെൻമെന്റ് പ്രകാരം ബാഡ്ജ് ലഭിക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ യോഗ്യത 8-ാം ക്ലാസ്സ് പാസ്സായിരിക്കണം എന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly